# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3984 31.01.2014- ൽ മറുപടിക്ക്**

## നെയ്യാറ്റിൻകര ഉച്ചക്കടയിലെ ഇന്റഗ്രേറ്റഡ് പവ്വർലൂം വില്ലേജിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.സെൽവരാജ് | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിൽ നെയ്യാറ്റിൻകര ഉച്ചക്കടയിലെ ഇന്റഗ്രേറ്റഡ് പവ്വർ ലൂം വില്ലേജ് (ഐ.സി.എസ് ലിമിറ്റഡ് നം.റ്റി.704)ന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത സംഘത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കമോ; | (എ) | 1996 ഡിസംബർ മാസം 7-ാം തീയതി, നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവ്വർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ പി.എൽ.എ (ടി)704 ആയി ഈ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടു. 2000 ഫെബ്രുവരി മാസം ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചു.<br>വ്യാജചാരായവും വാറ്റും വിപണനവും സ്വമേധയാ ഉപേക്ഷിച്ചവരേയും കൈത്തറി മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവരേയും മറ്റു വിഭാഗത്തിൽപ്പെടുന്ന തൊഴിൽ രഹിതരെയും നെയ്ത്ത് തൊഴിൽ അഭ്യസിപ്പിച്ച് തൊഴിൽ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൊണ്ടു വന്ന് തൊഴിൽ നൽകുകയാണ് ഈ പ്രസ്ഥാനത്തിന്റെ മുഖ്യ ഉദ്ദേശം. |

| | | | |
|---|---|---|---|
| (ബി) | നാളിതുവരെയായി ഈ സൊസൈറ്റിക്ക് വിവിധയിനത്തിലായി എത്ര രൂപയാണ് ഗ്രാന്റായും ലോണായും സർക്കാർ അനുവദി ച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക ചട്ടപ്രകാരമാണോ ചെലവഴി ച്ചതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത സംഘം തുടങ്ങുന്നതിനുള്ള ടോട്ടൽ പ്രോജക്ട് കോസ്റ്റ് 960 ലക്ഷം രൂപയായിരുന്നു. അതിൽ ഇതുവരെ 872 ലക്ഷം രൂപ സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതിൽ 272 ലക്ഷം രൂപ ഗവൺമെന്റ് ഷെയർ ആയും 600 ലക്ഷം രൂപ എൻ.സി.ഡി.സി വായ്പയായും നൽകിയിട്ടുണ്ട്. കൂടാതെ 2010-2011 സാമ്പത്തിക വർഷം ലൂമുകൾ നവീകരിക്കുന്നതിനായി 13.15 ലക്ഷം രൂപയും സംഘത്തിൽ ക്ലോത്ത് ക്യാരി ബാഗ് നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2012-2013 സാമ്പത്തിക വർഷം ലൂമുകൾ നവീകരിക്കുന്നതിന് 20.02 ലക്ഷം രൂപ ടി സംഘത്തിന് ഉൾപ്പെടെ 4 ഇന്റഗ്രേറ്റഡ് സംഘങ്ങൾക്ക് ടെക്സ്ഫെഡ് വഴി നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം 50 ലക്ഷം രൂപ നവീകരണത്തിനായും ടെക്സ്ഫെഡ് വഴി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സംഘം ഉൾപ്പെടെ 4 ഇന്റഗ്രേറ്റഡ് സംഘങ്ങൾക്കും മാർക്കറ്റിംഗ് സപ്പോർട്ട്, വാല്യൂ ആഡഡ് പ്രൊഡക്ട്സ്, ബ്രാന്റിംഗ് ഓഫ് പ്രൊഡക്ട്സ് എന്നീ പദ്ധതികൾ പ്രകാരം ടെക്സ്ഫെഡ് , ഐ.ഐ.എച്ച്.റ്റി കണ്ണൂർ വഴി നടപ്പിലാക്കുന്നതിന് യഥാക്രമം 64 ലക്ഷം രൂപയും 136 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതാണ്.<br><br>ഈ സംഘത്തിന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷനും, അടിസ്ഥാന വികസനത്തിനുമായി സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിൻമേൽ, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും (എൻ.സി.ഡി.സി) 18 ശതമാനം പലിശനിരക്കിൽ 6 കോടി രൂപ സംഘം എടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പാവപ്പെട്ട വനിതാ അംഗങ്ങൾക്ക് അവരുടെ ഷെയർ പൂർത്തിയാക്കാൻ ആളൊന്നിന് 4900/- രൂപ നിരക്കിൽ 151 പേർക്കുവേണ്ടി 7,39,900/- രൂപ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും 8 ശതമാനം പലിശനിരക്കിൽ എടുത്തിട്ടുണ്ട്.<br><br>സംഘത്തിന്റെ പ്രവർത്തനമൂലധനം ഒന്നും തന്നെ ലഭ്യമാകാത്തതിനാൽ, സംഘത്തിന്റെ അപ്പെക്സ് സംഘമായ ടെക്സ്ഫെഡിൽ നിന്നും സർക്കാർ ശുപാർശയിൽ 40 ലക്ഷം രൂപ 12.5 ശതമാനം പലിശനിരക്കിൽ സംഘത്തിന് നൽകിയിട്ടുണ്ട്.<br><br>ഈ ധനവിനിയോഗങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ ഒരു ഉത്തരവ് പ്രകാരം, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരു (രജിസ്ട്രാർ)ടെ മേൽനോട്ടത്തിലാണ് ചില വഴിച്ചിട്ടുള്ളത്.<br><br>കൂടാതെ ഈ ധനവിനിയോഗങ്ങൾ ശരിയായി ട്ടാണോ നടന്നിട്ടുള്ളത് എന്ന് പരിശോധിക്കാൻ സംസ്ഥാന പോലീസിന്റെ വിജിലൻസ് വിഭാഗം, തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവ് പ്രകാരം സമഗ്രമായി പരിശോധിച്ചിട്ടുണ്ട്. ഈ പരിശോധനകളിൽ ഒരു ക്രമക്കേടും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.<br><br>സർക്കാരിന്റെ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗമായ ചീഫ് ടെക്നിക്കൽ എക്സാമിനർ (സി.ടി.ഇ) ഈ പ്രോജക്ട് ഇംപ്ലിമെന്റേഷന്റെ |

| | | | |
|---|---|---|---|
| | | | എല്ലാ വശങ്ങളും, രേഖകളും, കോൺട്രാക്റ്റുകളും സമഗ്രമായി പരിശോധിച്ചിട്ടുണ്ട്.<br><br>ഈ സംഘത്തിന്റെ 2012-13 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. ആഡിറ്റ് വിംഗ് ഈ ധനവിനിയോഗങ്ങളെല്ലാം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സംഘത്തിന്റെ സ്റ്റാറ്റ്യൂട്ടറി അധികാരിയായ രജിസ്ട്രാറുടെ ഓഫീസിൽ നിന്നും സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഉദ്യോഗസ്ഥർ ഈ സംഘത്തിന്റെ പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| (സി) | ഈ സ്ഥാപനത്തിൽ സ്ഥിരമായും ദിവസ വേതനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ജോലിനോക്കുന്ന എത്ര ജീവനക്കാരുണ്ടെന്നും ഇവരുടെ തസ്തികകൾ എന്തെല്ലാമാണെന്നും ഇവരുടെ പ്രതിമാസവേതനം എത്രയാണെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ; | (സി) | സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ക്ലാസിഫിക്കേഷൻ അനുസരിച്ച് ടി സംഘം 'സി' കാറ്റഗറിയിലാണ് വരുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു ഉത്തരവ് പ്രകാരം നിയമനങ്ങൾ സ്ഥിരപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. എങ്കിലും ഈ സ്ഥാപനത്തിൽ ഇപ്പോൾ 12,000/-രൂപ മാസശമ്പളം പറ്റുന്ന ഒരു ഫോർമാനും, 10,000/- രൂപ മാസശമ്പളം പറ്റുന്ന ഒരു സെക്രട്ടറിയും, 5000/- രൂപ വേതനം വാങ്ങുന്ന ഒരു അഡ്മിനിസ്ട്രേഷൻ ഓഫീസറും, 8500/- രൂപ മാസശമ്പളം പറ്റുന്ന ഒരു ജോബറും, 8500/- രൂപ മാസശമ്പളം പറ്റുന്ന ഒരു ഫിറ്ററും, 3750/- രൂപ മാസശമ്പളം പറ്റുന്ന ഒരു സ്വീപ്പർ -കം-പ്യൂണും, 2000/- രൂപ മാസശമ്പളം പറ്റുന്ന ഒരു വനിതാ ഹെൽപ്പറും സംഘത്തിൽ |

| | | | |
|---|---|---|---|
| | | | ഇപ്പോൾ ജോലി നോക്കുന്നുണ്ട്. കൂടാതെ സംഘത്തിന് ലഭ്യമാകുന്ന പ്രൊഡക്ഷൻ ഓർഡർ അനുസരിച്ച് 25 മുതൽ 50 വരെ എണ്ണം വനിതാ നെയ്ത്തുകാരും അവർക്കു ആളൊന്നുക്ക് നെയ്യുന്നതിന് അനുസരിച്ചുള്ള കൂലിയായ 3900/- രൂപ മുതൽ 8000/- രൂപ വരെ നൽകിവരുന്നു. |
| (ഡി) | ഈ സംഘത്തിലേക്കുള്ള സാധനങ്ങൾ വാങ്ങുന്നത് നിലവിലുള്ള പർച്ചേസ് ആക്ട് പ്രകാരമാണോ; പ്രസ്തുത ചട്ടപ്രകാരമാണോ സംഘം പ്രവർത്തിച്ച് വരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | സംഘം സാധനങ്ങൾ വാങ്ങുന്നത് നിലവിലുള്ള പർച്ചേസ് നിയമങ്ങൾ അനുസരിച്ചാണ്. സംഘം പ്രവർത്തിക്കുന്നത് കോ-ഓപ്പറേറ്റീവ് ആക്ട് ആന്റ് റൂൾസ് അനുസരിച്ച് തന്നെയാണെന്ന് അധികാരികൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഈ സംഘത്തിന് 19,08,56,026 രൂപയുടെ കടബാധ്യത എങ്ങനെ വന്നുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത തുകയുടെ ബാധ്യതയും ഉത്തരവാദിത്വവും ആർക്കെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഇ) | ഈ സംഘത്തിന് വന്ന 19,08,56,026/- രൂപയുടെ കടബാദ്ധ്യത എങ്ങനെയാണ് വന്നത് എന്ന് പരിശോധിച്ചിട്ടുണ്ട്. സൊസൈറ്റിക്ക് പലിശയും, പിഴപലിശയും, ഡിപ്രിസിയേഷനും ഫുൾ കപ്പാസിറ്റിയിൽ സംഘം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനത്തിന്റെ അഭാവമൂലമുണ്ടായ പ്രവർത്തന നഷ്ടം മൂലവുമാണ് മേൽ നഷ്ടം സംഭവിച്ചിരിക്കുന്നത്. ആ പരിശോധനയെ തുടർന്ന് പ്രോജക്ടിന്റെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനു വേണ്ടി സർക്കാരിൽ നിന്നും എടുത്തിട്ടുള്ള എല്ലാ ലോൺ തുകയും സർക്കാർ ഷെയർ ആക്കി മാറ്റുവാനും ഇതിൻമേൽ വന്നു ചേർന്നിട്ടുള്ള എല്ലാ പലിശയും, പിഴപലിശയും എഴുതി തള്ളുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത സംഘത്തിന് നാളിതുവരെയായി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് ചുമതലപ്പെട്ടവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | പ്രസ്തുത സംഘത്തിന് വിവിധതരം തുണികൾ വിറ്റവകയിൽ നാളിതുവരെ 44,96,164/- രൂപയും ജോബ് കൺവെർഷൻ ചാർജ്ജായി 17,34,805 രൂപയും ലഭ്യമായിട്ടുണ്ട്. ഇതു പരിശോധിക്കുവാൻ ചുമതലപ്പെട്ടവർ സംഘം ഡയറക്ടർ ബോർഡും സംഘത്തിന്റെ ഓഫീസേഴ്സും കൂടാതെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് വിംഗും ആണ്. |

സെക്ഷൻ ഓഫീസർ